**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - 10-ാം ശമ്പളപരിഷ്കരണം-ഓവർസിയർ തസ്തികയുടെ ശമ്പള പരിഷ്കരണത്തിലെ അനോമലികൾ-സർവശ്രീ. അജയകുമാർ. റ്റി.കെ, സ്വരൂപ്.എ, മാഹിൻ.റ്റി.എ എന്നീ ഓവർസിയർമാരുടെ നിവേദനങ്ങൾ-ബഹു. കേരളാ അഡ് മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ(ഇ.കെ.എം)-613/2016 ലുള്ള 14/06/2016 ലെ ഉത്തരവ് പ്രകാരം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (ആർ.റ്റി) നം. 3325/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 05.12.2016

---

പരാമർശം:- 1. തദ്ദേശസ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസിയർമാരായ സർവ്വശ്രീ. അജയകുമാർ. റ്റി.കെ. സ്വരൂപ് എ., മാഹിൻ റ്റി.എ. എന്നിവർ സമർപ്പിച്ച 05.03.2016 ലെ നിവേദനങ്ങൾ.

2. ബഹു.കേരളാ അഡ് മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ(ഇ.കെ.എം) 613/2016 ലുള്ള 14.06.2016 ലെ ഉത്തരവ്.

3 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 08.09.2016 ലെ ഇ 9/3923/16/സി.ഇ/തസ്വഭവ നമ്പർ കത്ത്.

## ഉത്തരവ്

പത്താം ശമ്പള പരിഷ്കരണ ഉത്തരവിൽ ഓവർസിയർ തസ്തികയുടെ ശമ്പളം പരിഷ്കരിച്ചതുമായി ബന്ധപ്പെട്ട അനോമലികൾ പരിഹരിക്കണമെന്ന ആവശ്യമുന്നയിച്ച് ശ്രീ അജയകുമാർ. റ്റി.കെ. മുതൽപേർ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM)-613/16 നമ്പർ കേസ്സിലെ പരാമർശം (2) പ്രകാരമുള്ള വിധിന്യായത്തിൽ പരാമർശം (1) പ്രകാരമുള്ള നിവേദനങ്ങൾ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത നിവേദനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ രണ്ടാം ഗ്രേഡ് ഓവർസിയർമാർക്ക് 26,500-56,700 രൂപാ ശമ്പള സ്കെയിലും അർഹമായ PCA യും അനുവദിക്കണമെന്ന ആവശ്യമാണ് ഉന്നയിച്ചിട്ടുള്ളത്

2. കോടതി നിർദ്ദേശ പ്രകാരം അപേക്ഷകരെ നേരിൽ കേൾക്കുകയുണ്ടായി. പത്താം ശമ്പള പരിഷ്കരണ ഉത്തരവ് (സ.ഉ(പി) നം.07/2016/ധന,തീയതി 20.01.2016) പ്രകാരം ഓവർസിയർ ഗ്രേഡ് III, ഗ്രേഡ് II, ഗ്രേഡ് I തസ്തികകളുടെ ശമ്പള സ്കെയിൽ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഓവർസിയർ ഗ്രേഡ് I - | 26,500-56,700 രൂപ |
| ഓവർസിയർ ഗ്രേഡ് II - | 22,200-48,000 രൂപ |
| ഓവർസിയർ ഗ്രേഡ് III - | 19,000-43,600 രൂപ |

3. ഏഴാം ശമ്പള പരിഷ്കരണം വരെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസിയർ തസ്തികയും മറ്റ് വകുപ്പുകളിൽ സമാന വിദ്യാഭ്യാസ യോഗ്യത ആവശ്യമായ തസ്തികകൾക്കും ലഭിച്ചിരുന്ന സേവന വേതന വ്യവസ്ഥകൾ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസിയർമാരുടെ വേതന വ്യവസ്ഥകളുമായി ഏറെക്കുറേ സമാനമായിട്ടാണ് കാണുന്നത്. ഓരോ ശമ്പളപരിഷ്കരണം കഴിയുംതോറും മറ്റ് വകുപ്പുകളിലെ സമാന

,തസ്തികകളുടെ വേതന വ്യവസ്ഥയും ഓവർസിയർമാരുടെ വേതന വ്യവസ്ഥയും തമ്മിൽ അന്തരമുണ്ടായിട്ടുള്ളതായി കാണുന്നു.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശമ്പള പരിഷ്കരണ ഉത്തരവുകളിലെ അപാകതകൾ പരിഹരിക്കേണ്ടത് ധനകാര്യ വകുപ്പിലെ അനോമലി റെക്ടിഫിക്കേഷൻ സെല്ലാണ്. ആയതിനാൽ അനോമലി പരിഹരിക്കുന്നതിലേയ്ക്ക് ഓവർസിയർ തസ്തികകളുടെ (ഗ്രേഡ് III, ഗ്രേഡ് II, ഗ്രേഡ് I) വിദ്യാഭ്യാസ യോഗ്യത, ഉത്തരവാദിത്തങ്ങളും കടമകളും (duties & responsibilities) മറ്റ് വകുപ്പുകളിൽ സമാന വിദ്യാഭ്യാസ യോഗ്യത ആവശ്യമുള്ള തസ്തികകളുടെ വിവരങ്ങൾ, ടി തസ്തികകളുടെ ഉത്തരവാദിത്തങ്ങളും കടമകളും, യോഗ്യത എന്നിവ സഹിതം ഒരു Comparative Statement തയ്യാറാക്കി, ഫീൽഡ് വർക്ക് ചെയ്യേണ്ടി വരുന്ന ഓവർസിയർമാർക്ക് മാത്രം PCA നിജപ്പെടുത്തി അനുവദിക്കുന്ന കാര്യം കൂടി ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിലേയ്ക്ക് വിശദമായ പ്രൊപ്പോസൽ 15 ദിവസത്തിനുള്ളിൽ സമർപ്പിക്കുവാൻ തസ്വഭവ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

5. പരാമർശം 1 പ്രകാരമുള്ള നിവേദനങ്ങൾ മേൽ പ്രസ്താവിച്ച പ്രകാരം തീർപ്പാപ്പാക്കികൊണ്ടും അപ്രകാരം പരാമർശം (2) പ്രകാരമുള്ള, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല. സി.എസ്
അണ്ടർ സെക്രട്ടറി

1. ഹർജിക്കാർക്ക് (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖാന്തിരം)
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ് &ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ